ആനക്കാംപൊയിൽ-ആർ. ഇ. സി.-മലയമ്മ വഴി ബസ്സ് സർവ്വീസ്

65 [4943] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ ഭാഗത്തേക്കുള്ള ബസ് ആർ. ഇ. സി.-മലയമ്മ വഴി ഓടിക്കണമെന്ന ജനങ്ങളുടെ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ റൂട്ടിലൂടെ എന്നുമുതൽ ബസ് ഓടിതുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഈ മേഖല ഒരു ദേശസാൽകൃത സെക്ടർ അല്ല. അവിടെ ഓപ്പറേറ്റ് ചെയ്യുന്ന ഭൂരിഭാഗം സർവ്വീസുകളും പ്രൈവറ്റ് ബസ്സുകളാണ്. ആവശ്യത്തിന് പുതിയ ബസ്സുകൾ ആഗസ്റ്റ് മാസത്തോടുകൂടി കെ.എസ്.ആർ.ടി.സി.-ക്ക് കിട്ടിത്തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ റൂട്ടിൽ സർവ്വീസ് ലാഭകരമായി ഓടിക്കാൻ സാധിക്കുമോയെന്ന് യൂണിറ്റ് ഓഫീസറുടെ സാദ്ധ്യതാപഠന റിപ്പോർട്ട് ഇക്കാര്യത്തിൽ വാങ്ങി പരിശോധിക്കുന്നതാണ്. തുടർന്ന് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആർ. റ്റി. എ.-യുടെ തീരുമാനത്തിനു വിധേയമായി ബസ്സുകൾക്ക് ഓടുവാൻ പെർമിറ്റ് നൽകുന്ന കാര്യം പരിഗണിക്കാവുന്നതേയുള്ളൂ.

കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ-ടു-ടൗൺ ബസ്സിന് പാലക്കുന്നിലും പെരിയയിലും സ്റ്റോപ്പ്

66 [4944] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ-ടു-ടൗൺ ബസ്സിന് സ്റ്റേറ്റ് ഹൈവേയിലെ പാലക്കുന്നിലും നാഷണൽ ഹൈവേയിലെ പെരിയയിലും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റോപ്പുകളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഫെയർ സ്റ്റേജ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അവ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സ്ഥലങ്ങളിൽ സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഫെയർ സ്റ്റേജുകൾ അനുവദിച്ചിട്ടില്ല.

(സി) ടൗൺ-ടു-ടൗൺ സർവ്വീസ് ദീർഘദൂര യാത്രക്കാരെ ഉദ്ദേശിച്ച് തുടങ്ങിയവയാകയാൽ അടുത്തടുത്ത് ഫെയർ സ്റ്റേജുകൾ അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly